# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *125 — 12/6/2019 ലെ മറുപടിയ്ക്ക്

### സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനം

ചോദ്യം
ശ്രീ.എ.എൻ. ഷംസീർ
" പി.കെ. ശശി
" പി.ടി.എ.റഹീം.
ശ്രീമതി. വീണാ ജോർജ്ജ്

ഉത്തരം
ഡോ. കെ.ടി. ജലീൽ
(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;- | (എ) | സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി റൂസ പദ്ധതി പ്രകാരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br><br>▪ റൂസ 1-ാംഘട്ട പദ്ധതി പ്രകാരം കേരളത്തിലെ 6 യൂണിവേഴ്സിറ്റികൾക്ക് ഘടകം 3-ൽ ഉൾപ്പെടുത്തി (Component 3) 20 കോടി രൂപ വീതം അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്.<br><br>• റൂസ 2-ാം ഘട്ടത്തിൽ സംസ്ഥാനത്തെ 6 സർവ്വകലാശാലകളിൽ നിന്നും വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി തിരഞ്ഞെടുത്ത 2 സർവ്വകലാശാലകൾക്ക് (മഹാത്മാഗാന്ധി, കുസാറ്റ്) ഘടകം 10-ൽ ഉൾപ്പെടുത്തി 50 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>• സർവ്വകലാശാലകളുടെ കീഴിലെ അക്കാദമിക് സ്റ്റാഫ് കോളേജുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി റൂസ 1-ാംഘട്ടത്തിൽ കേരള സർവ്വകലാശാലയുടെ കീഴിലെ അക്കാദമിക് സ്റ്റാഫ് കോളേജിന് 1 കോടി രൂപ ലഭിക്കുന്ന പദ്ധതിക്ക് അംഗീകാരം നൽകുകയും നിലവിൽ 75 ലക്ഷം രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>▪ സർവ്വകലാശാലകളിലെ ഗവേഷണ നേട്ടങ്ങൾ പൊതു സമൂഹത്തിന് പ്രാപ്യമാക്കുന്നതിനായി 'ശാസ്ത്രയാൻ' എന്ന പദ്ധതി 2018-ൽ നടപ്പാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കിഫ്ബി ധന സഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടിരൂപയും, എം.ജി. സർവ്വകലാശാലയ്ക്ക് 132.75 കോടിരൂപയും, കണ്ണൂർ, കാലിക്കറ്റ് സർവ്വകലാശാലകൾക്ക് യഥാക്രമം 150 കോടി രൂപയുടേയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | സർവ്വകലാശാലകളിലെ അക്കാദമിക ഗവേഷണസൗകര്യങ്ങൾ ഐ.ഐ.എസ്.സി. നിലവാരത്തിലേയ്ക്കുയർത്തുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (ബി) | സർവ്വകലാശാല പഠന വകുപ്പുകളിൽ കാലോചിതമായി അക്കാദമിക് കരിക്കുലത്തിൽ മാറ്റം കൊണ്ടുവരുന്നുണ്ട്. സർവ്വകലാശാലയിലെ ഗവേഷകരായ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ഗവേഷണത്തിന് ആവശ്യാനുസരണം ഉന്നത നിലവാരമുള്ള ഉപകരണങ്ങളും മറ്റ് സൗകര്യങ്ങളും നൽകുന്നുണ്ട്. അക്കാദമിക് ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഐ.എഫ്.ആർ.ഐ.ഡി. (Improving Infrastructural Facilities For Research Intensive Departments) Seed Money ERUDITE Programme എന്നിവ നടപ്പിലാക്കി വരുന്നു. |
| (സി) | എൻ.ഐ.ആർ.എഫ്. റാങ്കിങ്ങിൽ രാജ്യത്തെ മികച്ച 100 സർവ്വകലാ ശാലകളിൽ സംസ്ഥാനത്തുനിന്ന് കേരള സർവ്വകലാശാല മാത്രം സ്ഥാനം പിടിച്ചത് കണക്കിലെടുത്ത് സർവ്വകലാശാലകളുടെ നിലവാരം ഉയർത്താൻ പദ്ധതിയുണ്ടോ; സർവ്വകലാശാലകൾ നൽകുന്ന സേവനങ്ങൾ എല്ലാം ഓൺലൈനാക്കുന്നതിനും പരിക്ഷകൾ കൃത്യമായി നടത്തി ഫലപ്രഖ്യാപനം യഥാസമയം നടത്തുന്നതിനും വേണ്ട ഇടപെടൽ നടത്തുമോ; | | എൻ.ഐ.ആർ.എഫ്. റാങ്ക് ചെയ്ത രാജ്യത്തെ മികച്ച 100 സർവ്വകലാശാലകളിൽ കേരളത്തിലെ 4 സർവ്വകലാശാലകൾ ഉൾപ്പെട്ടിട്ടുണ്ട്. കേരള സർവ്വകലാശാല (22-ാം സ്ഥാനം) മഹാത്മാഗാന്ധി സർവ്വകലാശാല (30-ാം സ്ഥാനം) കാലിക്കറ്റ് സർവ്വകലാശാല (64-ാം സ്ഥാനം), കുസാറ്റ് (65-ാം സ്ഥാനം) എന്നിവയാണ് എൻ.ഐ.ആർ.എഫ്. റാങ്കിൽ മികച്ച 100 സർവ്വകലാശാലകളുടെ ലിസ്റ്റിൽ ഉൾപ്പെട്ട സംസ്ഥാനത്തെ സർവ്വകലാശാലകൾ. സർവ്വകലാശാലകൾ നൽകുന്ന സേവനങ്ങൾ എല്ലാം ഓൺലൈനാക്കുന്നതിനും പരീക്ഷകൾ കൃത്യമായി നടത്തി ഫലപ്രഖ്യാപനം യഥാസമയം നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | അടിസ്ഥാന സൗകര്യം, അദ്ധ്യാപന മികവ്, പഠനഫലം തുടങ്ങിയവ വിലയിരുത്തി എൻ.ഐ.ആർ.എഫ്. | | എൻ.ഐ.ആർ.എഫ്. റാങ്കിങ്ങിൽ മികച്ച കോളേജുകളുടെ പട്ടികയിൽ 23-ാം റാങ്ക് കരസ്ഥമാക്കി ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിന് |

| | | | |
|---|---|---|---|
| | നടത്തുന്ന റാങ്കിങ്ങിൽ രാജ്യത്ത് ഇരുപത്തിമൂന്നാമതും സംസ്ഥാനത്തെ ഏറ്റവും മികച്ചതുമായ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിനെ വിദ്യാർത്ഥികളുടെ ചില വ്യക്തിപരമായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ രാഷ്ട്രീയ ആന്ധ്യം ബാധിച്ച നിക്ഷിപ്ത താല്പര്യക്കാർ തകർക്കാൻ ശ്രമിക്കുന്നത് പരാജയപ്പെടുത്തി സ്ഥാപനത്തെ കൂടുതൽ മികവുറ്റതാക്കാൻ വേണ്ട ഇടപെടൽ നടത്തുമോ? | | അഭിമാനമായി മാറിയ യൂണിവേഴ്സിറ്റി കോളേജിന്റെ അക്കാദമിക, അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Heritage College പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി വഴി 30 കോടിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മികച്ച ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി കോളേജിനെ Centre of Excellence ആയി തിരഞ്ഞെടുത്ത് മികച്ച ഒരു Instrumentation Centre സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**